150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ഭരണകാര്യം - ഡൽഹിയിൽ സർവ്വകലാശാലയുടെ നോഡൽ/ലെയ്സൺ ഓഫീസർ തസ്തികയിൽ ശ്രീമതി. വിജയകുമാരി ജോയ്സ്-ൻറെ പുനർ നിയോഗം - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4793/AD A1/2021/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 20.09.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ .2686/AD A1/2021/എം.ജി.യു.തീയതി:15.06.2021
2. സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നം. 4175/AD A1/1/2019 /ADA 1 തീയതി: 02.08.2021
3.02.09.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.127/21.04 /4175/AD A1/1 /2019 (Part II)

**ഉത്തരവ്**

സർവകലാശാലയുടെ കീഴിലുള്ള വിവിധ പഠന വകുപ്പുകൾ/സെൻററുകൾ, നടത്തുന്ന പ്രോജക്ടുകൾക്കും പ്രവർത്തനങ്ങൾക്കും ന്യൂഡൽഹി കേന്ദ്രീകരിച്ചുള്ള വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, ഡൽഹിയിൽ സർവ്വകലാശാലയുടെ നോഡൽ/ലെയ്സൺ ഓഫീസറായി ശ്രീമതി. വിജയകുമാരി ജോയ്സ്-നെ, വേതനമായി 25,000/- രൂപ പ്രതിമാസ നിരക്കിൽ 29.07.2019 മുതൽ ആറ് മാസത്തേക്ക് നിയോഗിക്കുകയും, പിന്നീട് 29.01.2020 മുതൽ 28.07.2020 വരെ 6 മാസത്തേയ്ക്ക് കൂടി നിയോഗ കാലയളവ് ദീർഘിപ്പിച്ചു നൽകുകയും വീണ്ടും താത്കാലികാടിസ്ഥാനത്തിൽ 01.08.2020 മുതൽ 31.01.2021 വരെ 6 മാസത്തേയ്ക്ക് കൂടി നിയോഗ കാലയളവ് ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ നിയോഗ കാലയളവ് 31.01.2021-ന് അവസാനിച്ചതിനെത്തുടർന്ന് പരാമർശം (1) പ്രകാരം 02.02.2021 മുതൽ 31.07.2021 വരെ വീണ്ടും 6 മാസത്തേയ്ക്കുകൂടി സിൻഡിക്കേറ്റ് തീരുമാന പ്രകാരം പുനർ നിയോഗിക്കുകയും ചെയ്തിരുന്നു.

ശ്രീമതി. വിജയകുമാരി ജോയ്സ്-ൻറെ നിലവിലെ നിയോഗ കാലയളവ് 31.07.2021-ന് അവസാനിച്ചതിനാൽ ആയത് ദീർഘിപ്പിച്ചുനൽകണമെന്ന് ടിയാൾ അപേക്ഷിച്ചിരുന്നു. വൈസ് ചാൻസിലറുടെ ഉത്തരവനുസരിച്ച് പ്രസ്തുത വിഷയം പരാമർശം (2) പ്രകാരം സർവകലാശാലാ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

02.09.2021ൽ കൂടിയ സിൻഡിക്കേറ്റ് യോഗം വിഷയം പരിഗണിക്കുകയും, മേല്പറഞ്ഞ ഏകോപനപ്രവർത്തനങ്ങൾക്കായി ഡൽഹിയിൽ നിയോഗിച്ച നോഡൽ / ലെയ്സൺ ഓഫീസർ ശ്രീമതി. വിജയകുമാരി ജോയ്സ്-ന്റെ നിയോഗ കാലാവധി 6 മാസം കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

ആയത് പ്രകാരം, ശ്രീമതി.വിജയകുമാരി ജോയ്സ്-ന്റെ നോഡൽ / ലെയ്സൺ ഓഫീസർ തസ്തികയിലെ പുനർ നിയോഗ കാലയളവ് 02.08.2021 മുതൽ 6 മാസത്തേക്ക് ആയിരിക്കും. ടിയാളുടെ പ്രതിമാസ വേതനം നടപ്പ സാമ്പത്തിക വർഷ (2021-22) ബഡ്ജറ്റിലെ "22 101 27 - Payment to Contingent Employees" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീമതി. വിജയകുമാരി ജോയ്സ്, ലെയ്സൺ ഓഫീസർ
2. വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി സർവകലാശാല
6 . എസി.സി. സെക്ഷൻ/എഡി .ഡി സെക്ഷൻ/ റെക്കോർഡ്സ് സെക്ഷൻ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ പി.ആർ.ഒ./ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7 . സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #7 of File 4175/AD A1/1/2019/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 19-Sep-2021 04:54 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം